വിദ്യാഭ്യാസ വായ്പ

43 (†1441) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) വിദ്യാഭ്യാസ വായ്പയിന്മേലുള്ള പലിശയിളവിനുവേണ്ടി അപേക്ഷ നൽകിയിട്ടും പ്രഖ്യാപിച്ച നടപടികൾ പൂർത്തിയാക്കാത്തതിനാൽ വായ്പയെടുത്തവരുടെ മേൽ ബാങ്കുകൾ ജപ്തി നടപടികൾ തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എത്രകൊണ്ടാണെന്നും അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(സി) വിദ്യാഭ്യാസ വായ്പയ്ക്ക് പലിശയിളവ് അനുവദിക്കുവാൻ കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുകയുടെ വിനിയോഗത്തെ സംബന്ധിച്ചുമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ള വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് പലിശയിളവ് നൽകുന്നതിനായി സംസ്ഥാന സർക്കാർ ഇതുവരെ 36,43,75,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് 1-4-2004 മുതൽ 31-3-2009 വരെ എടുത്ത വിദ്യാഭ്യാസ വായ്പയ്ക്ക് 2013 ഡിസംബർ 31 വരെയുള്ള പലിശ സബ്സിഡി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്തശേഷം മരണമടഞ്ഞ വിദ്യാർത്ഥികൾക്ക് പലിശയിളവ് അനുവദിക്കാൻ മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

വായ്പ കുടിശ്ശികമൂലം കിട്ടാക്കടമായി മാറിയ അക്കൗണ്ടുകളിൽ നിയമാനുസൃതമായ നടപടികൾക്ക് മുതിരുന്നതിനുമുമ്പ് പുനഃക്രമീകരണം, ഒറ്റത്തവണ തീർപ്പാക്കൽ, അദാലത്ത് തുടങ്ങിയ റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരമുള്ള എല്ലാവിധ ആശ്വാസ നടപടികൾക്കും അവസരം നൽകണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതി ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാഭ്യാസ വായ്പയിൻമേലുള്ള പലിശയിളവിനുവേണ്ടി അപേക്ഷ നൽകിയിട്ടും പ്രഖ്യാപിച്ച നടപടികൾ പൂർത്തിയാക്കാത്തതിനാൽ വായ്പയെടുത്തവരുടെ മേൽ ബാങ്കുകൾ ജപ്തി നടപടികൾ ഒഴിവാക്കാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ വായ്പകളിൻമേലുള്ള റവന്യൂ റിക്കവറി നടപടികൾ മരവിപ്പിക്കൽ 10-10-2014 മുതൽ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ വായ്പയെടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവരിൽ കേന്ദ്ര സർക്കാർ പലിശ സബ്സിഡിക്ക് അപേക്ഷിച്ചവരുടെ വിദ്യാഭ്യാസ വായ്പകളിൻമേലുള്ള റവന്യൂ റിക്കവറി നടപടികൾ മരവിപ്പിക്കൽ ആറ് മാസത്തേക്ക് ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത മൊറട്ടോറിയത്തിന്റെ ആനുകൂല്യം ബന്ധപ്പെട്ടവർക്ക് നൽകുന്നതിനായി സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേന എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത മൊറട്ടോറിയങ്ങൾക്ക് അർഹതയുള്ളവരെ ബാങ്കുകൾ ജപ്തി നടപടികൾക്ക് വിധേയമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര സർക്കാർ പലിശ സബ്സിഡി സ്കീം പ്രകാരം ബാങ്കുകൾ ഓരോ വർഷത്തേയ്ക്കും ആവശ്യമായ തുക കണക്കാക്കി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. അതിൻപ്രകാരം കേന്ദ്ര സർക്കാർ തുക അനുവദിക്കുകയും ബാങ്കുകൾ അത് വിനിയോഗിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ മുൻകൂട്ടി തുക അനുവദിക്കാറില്ല. അതിനാൽ ബാങ്കുകൾ ആവശ്യപ്പെട്ട തുകയും കേന്ദ്ര സർക്കാർ അനുവദിക്കുകയും ബാങ്കുകൾ വിനിയോഗിക്കുകയും ചെയ്ത തുകയും താഴെക്കൊടുക്കുന്നു :

വർഷം	ബാങ്കുകൾ ആവശ്യപ്പെട്ട തുക	കേന്ദ്രസർക്കാർ അനുവദിച്ച തുക
2009-10	46,68,66,297	46,68,66,297
2010-11	1,44,04,38,477	1,44,04,38,477
2011-12	2,74,18,27,249	2,74,18,27,249
2012-13	3,92,15,29,707	3,92,15,29,707
2013-14	3,76,97,79,604	1,73,05,98,883

LIBRARY ARCHIVES Kerala Legislative Assembly